TRACT No : SH -3

# താങ്കളുടെ യാത്ര എവിടേക്ക് ?

ജീവിതം ഒരു യാത്രയാണ്; ലോകത്തിലുള്ള മനുഷ്യർ എല്ലാവരും യാത്ര ചെയ്യുന്നു. യാത്രാരീതികൾ പലവിധം, യാത്രാസൗകര്യങ്ങൾ പലവിധം, യാത്രയുടെ ഉദ്ദേശ്യവും പലവിധം. ചിലരുടെ യാത്രയ്ക്ക് ഒരു ലക്ഷ്യമുണ്ട്; ചിലരുടേതിന് യാതൊരു ലക്ഷ്യവുമില്ല. ചിലർ ഉല്ലാസത്തിനായി യാത്ര ചെയ്യുന്നു. മറ്റു ചിലർ ലോകത്തിലെ ആവശ്യങ്ങൾക്കായി ബദ്ധപ്പെട്ടു യാത്ര ചെയ്യുന്നു. എന്നാൽ ലോകയാത്രയ്ക്ക് ഒരു അവസാനം ഉണ്ട്. മരണത്തോടുകൂടി എല്ലാം അവസാനിക്കും എന്ന് ലോകം പറയുമ്പോൾ, യഥാർത്ഥത്തിൽ മരണം ജീവിതത്തിന്റെ സമാപ്തിയല്ല, മറിച്ച് മറ്റൊരു ജീവിതത്തിലേക്കുള്ള പ്രവേശനമാണ്. ബൈബിൾ പറയുന്നു: *"...മനുഷ്യൻ തന്റെ ശാശ്വത ഭവനത്തിലേക്കു പോകും. ...പൊടി പണ്ടു ആയിരുന്നതുപോലെ ഭൂമിയിലേക്കു തിരികെ ചേരും; ആത്മാവു അതിനെ നൽകിയ ദൈവത്തിന്റെ അടുക്കലേക്കു മടങ്ങിപ്പോകും."(സഭാ.12:5-7).*

പ്രിയ മിത്രമേ, താങ്കളും ഒരു യാത്രക്കാരനാണ്. ***താങ്കളുടെ യാത്ര എവിടേക്ക്?*** സമയവും കാലവും നീങ്ങുന്നതിനനുസരിച്ച് താങ്കൾ നിത്യതയിലേക്ക് യാത്ര ചെയ്തുകൊണ്ടിരിക്കുന്നു. **മരണശേഷം താങ്കൾ എവിടെ ചെന്നെത്തുമെന്ന് ഉറപ്പാക്കിയിട്ടുണ്ടോ?** ദൈവവചനമായ വിശുദ്ധ ബൈബിളിൽ രണ്ട് വഴി കാണുന്നു. ഒന്ന് നാശത്തിലേക്കുള്ള വഴി. മറ്റൊന്ന് നിത്യജീവനിലേക്കുള്ള വഴി. നാശത്തിലേക്കുള്ള വഴി വിശാലം, യാത്രക്കാർ ധാരാളം, യാത്ര എളുപ്പം. എന്നാൽ നിത്യജീവനിലേക്കുള്ള വഴി ഇടുക്കം, തിരഞ്ഞെടുക്കുന്ന ബുദ്ധിമാന്മാർ ചുരുക്കം; പക്ഷേ നിത്യസമാധാനത്തിന്റെ വഴിയാണിത്. യേശുക്രിസ്തു പറയുന്നു: *"ഞാൻ തന്നേ വഴിയും സത്യവും ജീവനും ആകുന്നു."(യോഹ.14:6)"എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും."(യോഹ.11:25)* താങ്കളുടെ യാത്രയ്ക്ക് ഒരു ലക്ഷ്യമുണ്ടായിരിക്കണം. നിത്യജീവനിലേക്കുള്ള വഴി തിരഞ്ഞെടുക്കുമോ? എന്നാൽ വളരെ പ്രധാനമായ ഒരു കാര്യം ഓർക്കുക —താങ്കൾ ജീവിച്ചിരിക്കുമ്പോൾ മാത്രമേ ഈ വഴി തിരഞ്ഞെടുക്കുവാൻ കഴിയൂ. മരണശേഷം സാദ്ധ്യമേയല്ല. മനുഷ്യൻ ഈ ലോകത്തിൽ ജീവിക്കുന്നകാലത്തോളം പാപം ചെയ്യും. കാരണം മനുഷ്യശരീരം പ്രകൃത്യാ പാപത്തിനധീനമാണ്. പാപിക്കു ശിക്ഷയുണ്ട്; നിശ്ചയം. പാപത്തിനുള്ള ശിക്ഷയിൽ നിന്ന് വിടുതൽ ആഗ്രഹിക്കുന്നുവോ? യേശുക്രിസ്തു പാപികളെ രക്ഷിപ്പാനായി ലോകത്തിലേക്കു വന്നു. യേശുക്രിസ്തുവിൽ വിശ്വസിക്കുന്ന ഏവന്നും യേശുക്രിസ്തുവിന്റെ നാമം മൂലം പാപമോചനം ലഭിക്കും. വിശ്വസിക്കാത്തവൻ ശിക്ഷാവിധിയിൽ അകപ്പെടും. താങ്കളുടെ ഈ ലോകയാത്രയുടെ അന്ത്യത്തിൽ ദൈവസന്നിധിയിൽ ചെല്ലുമ്പോൾ ദൈവം ചോദിക്കുന്ന ഒരു ചോദ്യമുണ്ട്; അത്: "നീ എന്തു നന്മ ചെയ്തു, എന്തെല്ലാം പാപം ചെയ്തു, പാപത്തിൽ ജീവിച്ചോ?"-എന്നല്ല. മറിച്ച് *"നിനക്കുവേണ്ടി രക്ഷാമാർഗ്ഗം ഒരുക്കിയ, നിന്റെ പാപപരിഹാരത്തിനായി യാഗമായിത്തീർന്ന യേശുക്രിസ്തുവിനെ നീ സ്വീകരിച്ചോ?"* എന്നാണ്. ഈ ചോദ്യത്തിന് താങ്കൾക്ക് എന്തു മറുപടി പറയുവാൻ കഴിയും? ***"ഇത്ര വലിയ രക്ഷ നാം ഗണ്യമാക്കാതെ പോയാൽ എങ്ങനെ തെറ്റി ഒഴിയും?"(എബ്രാ.2:4).***

[മറുപുറം]

ഈ ലോകയാത്ര ആരംഭിക്കുന്ന മനുഷ്യന് മരണവും ദൈവം നിശ്ചയിച്ചിരിക്കുന്നു. പാപത്തിന്റെ ശമ്പളം (കൂലി) ആണ് മരണം. മനുഷ്യരെല്ലാം പാപികളായതുകൊണ്ടാണ് ഏവർക്കും ഈ കൂലി ലഭിക്കുന്നത്. ദൈവത്തിൽ വിശ്വസിച്ച്, ദൈവേഷ്ടപ്രകാരം ലോകയാത്ര ചെയ്യുന്നവനു മരണശേഷം സ്വർഗ്ഗീയഭവനത്തിൽ ചെന്നെത്തുവാൻ കഴിയും. യേശുക്രിസ്തു വാതിലാണ്; ഈ വാതിലിലൂടെ കടന്ന് സ്വർഗ്ഗത്തിലേക്കു യാത്ര ചെയ്യൂ. സ്വർഗ്ഗത്തിലേക്കുള്ള വഴി തിരഞ്ഞെടുക്കുവാനായി താങ്കളുടെ യാതൊരു പ്രവൃത്തിയും ആവശ്യമില്ല. ജാതിയോ, മതമോ, ധനമോ, വിദ്യാഭ്യാസമോ, ആരോഗ്യമോ, കുലീനതയോ, സൗന്ദര്യമോ യാതൊന്നും ഇവിടെ പ്രസക്തമല്ല. മതംമാറ്റമോ, പേര് മാറ്റമോ, കർമ്മങ്ങളോ ആവശ്യമില്ല. ഒരു ഹൃദയംഗമമായ തെരഞ്ഞെടുപ്പ് അഥവാ സ്വീകരണം ആവശ്യം. ഈ വാതിൽ ഇപ്പോൾ തുറന്നുകിടക്കുകയാണ്. ഇത് അടയുന്ന ഒരു ദിവസം വരും. മരണം താങ്കളെ വിളിക്കും മുമ്പ്, യേശുക്രിസ്തു തന്നിൽ അഭയം പ്രാപിച്ചവരെ കൊണ്ടുപോകുവാൻ വരുന്നതിനു മുമ്പ്, ഈ വാതിലിൽകൂടി കടന്നു രക്ഷ പ്രാപിക്കുക. വഴിയിൽ വച്ച് നശിക്കാതിരിപ്പാൻ യേശുക്രിസ്തുവിനെ സ്വീകരിക്കുക.

പ്രിയ മിത്രമേ, ജീവന്റെ വഴിയിലൂടെ യാത്ര ചെയ്തു സ്വർഗ്ഗസന്തോഷം അനുഭവിക്കുവാൻ ആഗ്രഹമുണ്ടെങ്കിൽ ചുവടെ കാണുന്ന പ്രാർത്ഥനാവാചകം വിശ്വാസത്തോടെ പ്രാർത്ഥിക്കുക: *"യേശുകർത്താവേ, ഞാൻ ഇതുവരെ പാപവഴികളിലൂടെ ലക്ഷ്യബോധമില്ലാതെ യാത്ര ചെയ്യുകയായിരുന്നു. എന്നെ രക്ഷിപ്പാനായി അങ്ങ് ഈ ലോകത്തിൽ വന്നു. എന്റെ പാപങ്ങൾക്കു പരിഹാരമായി ക്രൂശിൽ മരിച്ചു; അടക്കപ്പെട്ടു; മൂന്നാംനാൾ ഉയിർത്തെഴുന്നേറ്റു എന്നു ഞാൻ വിശ്വസിക്കുന്നു. എന്റെ പാപങ്ങൾ ക്ഷമിക്കേണമേ. അങ്ങയെ എന്റെ കർത്താവും രക്ഷിതാവുമായി സ്വീകരിക്കുന്നു. തുടർന്ന് അങ്ങയുടെ പാതയിലൂടെ മാത്രം നടക്കുവാൻ ഞാൻ തീരുമാനിക്കുന്നു."*

ഈ പ്രാർത്ഥന വിശ്വാസത്തോടെ പ്രാർത്ഥിച്ചുവെങ്കിൽ താങ്കൾ ദൈവമകനായി; ദൈവസന്നിധിയിലേക്കുള്ള യാത്രക്കാരനായി. ലോകയാത്രയിൽ പ്രയാസങ്ങൾ, പ്രതികൂലതകൾ, രോഗങ്ങൾ, ദുഃഖങ്ങൾ എന്നിവ നേരിട്ടാലും താങ്കൾക്കായി മരിച്ചു, ഉയിർത്തെഴുന്നേറ്റു, ഇന്നും ജീവിക്കുന്ന യേശുകർത്താവ് ആശ്വാസത്തിനായി എല്ലാനാളും കൂടെയുണ്ടായിരിക്കും. ദൈവം താങ്കളെ സകലവിധ ആത്മീകഭൗതീകനന്മകളാൽ അനുഗ്രഹിക്കുമാറാകട്ടെ.

*യേശുക്രിസ്തുവിൽ കൂടിയുള്ള രക്ഷയെക്കുറിച്ച് കൂടുതൽ അറിയുവാനും സുവിശേഷപുസ്തകങ്ങൾ, ബൈബിൾ (പുതിയനിയമം) എന്നിവ സൗജന്യമായി ലഭിക്കുന്നതിനും, താങ്കൾക്കായി പ്രാർത്ഥിക്കുന്നതിനും ദയവായി താഴെക്കാണുന്ന വിലാസത്തിൽ ബന്ധപ്പെട്ടാലും.*

Samson Henry
Zion
Aradhana Nagar - 22
Behind Sanker's Hospital,
Kollam - 691 001
*(സാംസൺ ഹെൻറി, സീയോൻ, ആരാധന നഗർ -22, കൊല്ലം - 691 001)*
Phone: 0474-2741115, E-mail: biblegoodnews@gmail.com
Web: biblegoodnews.com